# ആമുഖം

ഒതുക്കുങ്ങൽ പഞ്ചായത്തിലെ മറ്റത്തൂരിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. *മട്ടൊാത്ത ഊരിൽ* നിന്ന് ലോപിച്ചാണ് മറ്റത്തൂർ ഉണ്ടായതെന്ന് കരുതപ്പെടുന്നു. സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ സ്ഥാപിച്ച പോലീസ് സ്റ്റേഷന്റെ അവശിഷ്ടങ്ങൾ ഇന്നും മറ്റത്തൂരിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്നു.

സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സാംസ്കാരിക പ്രവർത്തനം കൂടി യാണ് വിദ്യാഭ്യാസം. അതിനെ അതിനെ അന്വർത്ഥമാക്കുന്ന രീതിയിൽ 1920 ലാണ് നമ്മുടെ സ്കൂൾ സ്ഥാപിതമാകുന്നത്. മുനമ്പത്ത് രണ്ട് പീടിക മുറികളുടെ സൗകര്യം ഉപയോഗപ്പെടുത്തി ഒരു പെൺ പള്ളിക്കൂടമായി ട്ടാണ് വിദ്യാലയം ആരംഭിച്ചത് .

ഇത് പിന്നീട് മറ്റത്തൂരങ്ങാടിയിൽ ഒരു ഓത്തു പള്ളികൂടമായി മാറ്റി സ്ഥാപിക്കപ്പെട്ടു. ആ കാലഘട്ടത്തിലുണ്ടായ രൂക്ഷമായ വെള്ളപ്പൊക്ക ത്തിൽ കെട്ടിടം തകരുകയും ഇന്ന് കാണുന്ന സ്ഥലത്ത് നിലവിൽ വരി കയും ചെയ്തു.

1960 വരെ 1 മുതൽ 5 വരെ ക്ലാസുകൾ ഉണ്ടായിരുന്നു. തുടർന്ന് 5-ാം ക്ലാസ് ഒഴിവാക്കി. 2002 മുതൽ പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചു. അന്ന് പ്രീ കെ.ഇ. ആർ കെട്ടിടമായിരുന്നു. നിലവിലുണ്ടായിരുന്നത്. 2014 -15 ൽ 8 റൂമുകളോടു കൂടിയ ഇരട്ട നില കോൺക്രീറ്റ് കെട്ടിടം നിലവിൽ വന്നു.

ഇപ്പോൾ പ്രീ പ്രൈമറി തലം മുതൽ 5-ാം ക്ലാസ് വരെ 355 കുട്ടിക ളുണ്ട് - മുസ്ലിം കലണ്ടർ പിന്തുടർന്ന് വന്നിരുന്ന ഞങ്ങൾ 2017-18 അധ്യയന വർഷം മുതൽ ജനറൽ കലണ്ടറിലേക്ക് മാറി. ഇപ്പോൾ നിലവിൽ 13 അധ്യാപകർ ജോലി ചെയ്യുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ യുടെ നിർലോഭമായ പിന്തുണ കിട്ടാറുണ്ട്.

വായന

സ്കൂളിൽ വെച്ചാണ് വായന വളരുന്നത് പാഠപുസ്തകങ്ങൾക്കപ്പുറം വായന ലോകം കുട്ടികൾക്കായി തുറന്നുകൊടുക്കേണ്ടതുണ്ട്.

വായനക്കായി ക്രമവും തുടർച്ചയുള്ളതുമായ പരിശീലനവും പിന്തുണയും സാഹചര്യങ്ങളുമൊരുക്കി കൊടുത്താൽ തീർച്ചയയും മികച്ച പ്രതിഫലനങ്ങൾ ഉണ്ടാകും.

**ലക്ഷ്യങ്ങൾ**

1. മുഴുവൻ കുട്ടികളെയും വായനയിൽ താൽപ്പര്യമുള്ളവരാക്കി മാറ്റുക.
2. വായന ഒരു ശീലമാക്കി മാറ്റുക
3. വായനയുടെ വിവിധ തലങ്ങൾ പരിശീലിപ്പിക്കുക.
4. രക്ഷിതാക്കളെകൂടി വായനാ ലോകത്തിലേക്ക് കൂടെ കൂട്ടുക.
5. വായനയിൽ മികവു പുലർത്തുന്നവരെ അംഗീകരിക്കാനും ആദരിക്കാനുമുള്ള അവസരങ്ങൾ ഒരുക്കുക

## വായനാ പരിപോഷണ പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുസ്തകമേള | • അനുയോജ്യമായ വായനാ സാമഗ്രി സ്വയം തെരഞ്ഞെടുക്കുന്നതിന്<br>• ധാരാളം എഴുത്തുകാരുടെ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിന്<br>• സ്വന്തമായൊരു ലൈബ്രറി എന്ന കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് | വർഷത്തിൽ ഒന്ന് | മലയാളം ക്ലബ്ബ് അംഗങ്ങൾ | |
| വായനാ നിലയം | • വായിച്ച പുസ്തകങ്ങൾ / കഥകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ലഭ്യമാ | ഒരു ദിവസം 1 പുസ്തകം എന്ന രീതിയിൽ | ക്ലാസധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | ക്കുന്നു | വർഷം മുഴുവൻ | | |
| എഴുത്തുകാരെ പരിചയപ്പെടൽ | • എഴുത്തുകാരുമായി സംവദിക്കൽ<br>• എഴുത്തിന്റെ രീതി മനസ്സിലാക്കൽ.<br>• എഴുത്തിന്റ ലോകത്തിലേക്ക് കടക്കുന്നതിനുള്ള പ്രചോദനം നൽകൽ | വർഷത്തിൽ ഒന്ന് | | |
| അമ്മ വായന പരിപോഷിപ്പിക്കൽ<br>• Corner-CPTA യിൽ പുസ്തക വിതരണം<br>• വായിച്ച പുസ്തകങ്ങൾ തുടർന്ന് സി.പി.ടി.എ യിൽ അവതരിപ്പിക്കൽ<br>• വായനാ മത്സരങ്ങൾ<br>• ലൈബ്രറി ശാക്തീകരണം | • കുട്ടികൾക്കായി വീട്ടിൽ വായനാന്തരീക്ഷം ഒരുക്കൽ<br>• സാമൂഹ്യബന്ധം കൂടുതൽ ഊട്ടിയുറപ്പിക്കുന്നു<br>• കുട്ടികൾക്കാവശ്യമായ വായനാപിന്തുണ ഉറപ്പിക്കുക.<br>• സാമൂഹ്യ വായനാ പരിപോഷണം | രണ്ടാഴ്ച കൂടുമ്പോൾ ഒരു തവണ എന്ന രീതിയിൽ | അധ്യാപകർ പ്രാദേശിക ലൈബ്രറി പ്രവർത്തകർ പി.ടി.എ. അംഗങ്ങൾ | |

## ലേഖനം

ആശയ വിനിമയത്തിനായി തെരെഞ്ഞെടുക്കപ്പെടുന്ന മാർഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ലേഖനം വിനിമയം ചെയ്യാനാഗ്രഹിക്കുന്ന ആശയത്തെ അന്ത:സത്തയിൽ ഒട്ടും തന്നെ ചോർച്ചയില്ലാതെ അവതരിപ്പി ക്കാൻ കഴിയുമ്പോഴാണ് ഏതൊരു ലേഖനവും മികവുറ്റതാകുന്നത് . ഇതി നുളള പരിശീലനം ഭാഷാ പരിചയപ്പെട്ടു തുടങ്ങുന്ന ഘട്ടം മുതൽ തന്നെ നൽകേണ്ടതുണ്ട് .

**ലക്ഷ്യങ്ങൾ**

- മുഴുവൻ കുട്ടികളെയും തന്റെതായ ലേഖനശേഷിയിൽ ആത്മവി ശ്വാസമുളളവരാക്കുക.
- ലേഖനത്തിനുളള ധാരാളം സന്ദർഭങ്ങൾ ലഭ്യമാക്കുക.
- മികച്ച ലേഖന പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് അംഗീകാരം നൽകുക
- ലേഖനത്തിൽ കാണിക്കുന്ന പുരോഗതി ഓരോ കുട്ടിക്കും സ്വയം ബോധ്യപ്പെടുത്തുക

### ലേഖനം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലാ വധി | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| അക്ഷരമുന്നേറ്റം (പടവുകൾ – തുടർച്ച)<br>• ലേഖനത്തിൽ വ്യത്യസ്തമായ പ്രയാസമനുഭവ പ്പെടുന്ന കുട്ടി കളെ ഗ്രൂപ്പാക്കൽ<br>• ഓരോ ഗ്രൂപ്പിനും നൽകേണ്ടതായ പ്രവർത്തനങ്ങൾ ലിസ്റ്റ് തയ്യാറാ ക്കൽ<br>• ആവശ്യമായ പഠന സാമഗ്രി കൾ തയ്യാറാ ക്കൽ | • ലേഖന പ്രവർത്ത നങ്ങളിൽ ഓരോ കുട്ടിക്കും തന്റേ തായ കഴിവു കൾ പ്രകടിപ്പി ക്കാനും വികസി പ്പിക്കാനുമുള്ള അവസരമൊരു ക്കൽ<br>• കുട്ടികളിൽ ആത്മവിശ്വാ സവും മുന്നേറ്റ മനോഭാവവും | 6 മാസം | അധ്യാപകർ പൂർവ്വവിദ്യാർത്ഥി കൾ | 3000 |

| | | | | |
|---|---|---|---|---|
| • അവധി ദിവസങ്ങളിൽ പ്രവർത്തനസമയം ടൈംടേബിൾ തയ്യാറാക്കൽ<br>• രക്ഷിതാവിനെ ബോധവൽക്കരിക്കൽ<br>• രചനകൾ, ബാലപ്രസിദ്ധീകരണങ്ങളിലേക്ക് | വളർത്തുക.<br>• നിശ്ചിത ക്ലാസുകളിൽ നേടേണ്ടതായ ലേഖനശേഷികൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക. | | | |

## ഗണിതം

പ്രപഞ്ചത്തിന്റെ തന്നെ നിലനിൽപ്പിന് ആധാരമായ ശാസ്ത്രങ്ങളുടെ ശാസ്ത്രമായ ഗണിതത്തിന്റെ ക്ലാസ് റൂമുകളിലെ ദയനീയാവസ്ഥ പരിഹരിക്കാൻ ഇപ്പോഴും നമുക്ക് കഴിഞ്ഞിട്ടില്ല. താൽപ്പര്യമുള്ളവർക്ക് ഏറ്റവും പ്രിയപ്പെട്ടതും എന്നാൽ എങ്ങനെയൊക്കെയോ താൽപ്പര്യം നഷ്ടപ്പെട്ടവർക്ക് ശാപവുമായ ഗണിത ക്ലാസുകളുടെ ഈ ദുരവസ്ഥക്ക് നിരത്താൻ കാരണങ്ങളേറെയുണ്ടെങ്കിലും പ്രഥമസ്ഥാനത്തുവരുന്ന ചില പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള ശ്രമമാണിത്.

### നിലവിലുള്ള ചില പ്രശ്നങ്ങൾ

- അടിസ്ഥാനാശയങ്ങളുടെ ധാരണക്കുറവ്
- അപഗ്രഥനത്തിലുള്ള പിന്നാക്കവസ്ഥ
- ആശയങ്ങൾ പ്രയോഗിക്കുന്നതിലുള്ള പിന്നാക്കവസ്ഥ
- വ്യവകലനക്രിയ അറിയില്ല ( പുനക്രമീകരണം)

### പ്രതിവിധികൾ - നിർദ്ദേശങ്ങൾ

- അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ, ശേഷികൾ നേടൽ
- ആദ്യത്തെ ഒരു മാസം അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മാത്രം ചെയ്യുന്നു
- അപഗ്രഥന ചോദ്യങ്ങളിലൂടെ അപഗ്രഥനത്തിലേക്ക് നയിക്കുന്ന ക്രിയാ രീതികളുടെ ഏകീകരണം
- ഒന്നാം ക്ലാസിൽ മൂർത്ത വസ്തുക്കളിൽ നിന്നും സംഖ്യകളിലേക
- ഗണിത കിറ്റുകളുടെ ഉപയോഗം
- ഗണിതാസ്വാദനം
- ഗണിതോപകരണങ്ങളുടെ ദൈനംദിന ഉപയോഗം (ക്ലോക സ്കെയിൽ മുതലായവ)

## പ്രവർത്തനങ്ങളുടെ വിശകലനം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ശേഷികൾ നേടൽ | • ഓരോ ക്ലാസിലേയും കുട്ടികൾ നേടേണ്ട ഗണിതാശയങ്ങൾ, ശേഷികൾ കണ്ടെത്തുന്നു, രേഖപ്പെടുത്തുന്നു<br>• അദ്ധ്യയന വർഷാരംഭം സംഖ്യാബോധം, സ്ഥാനവില ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (അബാക്കസ്, സ്ഥാനവിലപ്പോക്കറ്റ് മുതലായവ) | ജൂൺ | ഗണിതാധ്യാപകർ<br>ഗണിതാധ്യാപകർ | |
| ലേണിംഗ്/ടീച്ചിംഗ് എയ്ഡിന്റെ ഉപയോഗം | • ഗണിത കിറ്റ് - ഓരോ ക്ലാസിലേക്കും ആവശ്യമായ മെറ്റീരിയൽസ് ഹാന്റ് ബുക്കിന്റെ സഹായത്തോടെ കണ്ടെത്തുന്നു.<br>• തയ്യാറാക്കുന്നു<br>• പരിശോധിക്കുന്നു | ജൂൺ ആദ്യം | അധ്യാപകർ<br>പ്രധാനാധ്യാപകൻ | |
| ക്രിയാരീതികളുടെ ഏകീകരണം | • ഗണിതത്തിലെ അടിസ്ഥാന ക്രിയാരീതികളുടെ ഏകീകരണം- ചർച്ച ചെയ്ത് ധാരണയിലെത്തുന്നു. ഈ രീതികൾ മാത്രം പിന്തുടരുന്നു. | മാർച്ച | എസ്. ആർ.ജി. | |
| അപഗ്രഥനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • അപഗ്രഥന ചോദ്യങ്ങളിലൂടെ മാത്രം നിർധാരണം<br>• ക്ലാസ് അടിസ്ഥാനത്തിൽ | വർഷം മുഴുവൻ | ഗണിതാധ്യാപകർ<br>ഗണിതാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഗണിതഭാഷാ ബുക്കിന്റെ നിർമാണം<br>• പഠനോപകരണ ശിൽപശാല | ഒന്ന് | പി.ടി.എ., ഗണിതക്ലബ്, അധ്യാപകർ | |
| ഗണിതാസ്വാദനം | • ഗണിതക്വിസ് മത്സരം<br>• ഗണിത കളികൾ (ഗുണിതങ്ങൾ പറയുന്ന കളികൾ മുതലായവ) | ഒരു വർഷം മുഴുവനും | | |
| ഗണിത ക്ലബ് രൂപീകരണം | • അംഗങ്ങളെ തെരഞ്ഞെടുക്കൽ<br>• പ്രവർത്തനങ്ങൾ കണ്ടെത്തൽ, നടപ്പാക്കൽ | ജൂലൈ | | |
| ഗണിതച്ചുമരുകളുടെ നിർമാണം | • ക്ലാസുകളിൽ ഗണിതരൂപങ്ങൾ ആലേഖനം ചെയ്യുന്നു.<br>• എല്ലാ ക്ലാസിലും ക്ലോക്ക് സ്ഥാപിക്കുന്നു. | | | |
| ഗണിതം പ്രയോഗത്തിലാക്കൽ | • കുട്ടിച്ചന്ത - സി.പി.ടി.എ. യിൽ ചർച്ച ചെയ്യുന്നു.<br>• സ്കൂൾ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | | |

# ഇംഗ്ലീഷ്

**ആമുഖം**

മാതൃഭാഷയായ മലയാളത്തോടൊപ്പം തുല്യ പ്രാധാന്യം നൽകി ക്കൊണ്ട് പ്രാവീണ്യം നേടേണ്ട മറ്റൊരു ഭാഷയാണല്ലോ ലോക ഭാഷയായ ഇംഗ്ലീഷ്. എന്നാൽ ഇംഗ്ലീഷ് ഭാഷ പഠനത്തിലും പ്രയോഗത്തിലും ഒട്ടേറേ പോരായ്മകൾ പ്രകടമാണ്. ഇവയെല്ലാം പരിഹരിച്ചുകൊണ്ട്. അനായാസ മായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി കുട്ടികളിൽ വളർത്തിയെടുക്കുക എന്നത് . തികച്ചും ശ്രമകരമാണ്. കാരണം ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനോ പ്രയോഗിക്കുന്നതിനോ ഉള്ള സ്വാഭാവികമായ സന്ദർഭം കുട്ടികൾക്ക് ഒട്ടും തന്നെയില്ല. മാത്രമല്ല ഇംഗ്ലീഷ് പഠനത്തിനാവ ശ്യമായ പിന്തുണ വീട്ടിൽ നിന്നും ലഭിക്കുന്നവരും വളരെ കുറവാണ്. ഈ പരിമിതികളെല്ലാം മറികടന്നുകൊണ്ട് ഇംഗ്ലീഷ് പഠനം രസകരവും ആസ്വാ ദ്യകരവുമാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി വ്യത്യസ്തമായ പ്രവർത്തന ങ്ങളാണ് ദീർഘ വീക്ഷണത്തോടുകൂടി പ്ലാൻ ചെയ്തിരിക്കുന്നു.

## പ്രവർത്തനങ്ങളുടെ വിശകലനം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒഴുക്കോടെ ഇംഗ്ലീഷ് വായിക്കാനമും എഴുതാനും എല്ലാ കുട്ടികളേയും പ്രാപ്തമാക്കൽ | • എല്ലാ മാസവും വായന ലേഖന മത്സരങ്ങൾ നടത്തൽ (ശ്രാവ്യ, ആശയഗ്രഹണ വായന, പദ നിർമ്മാണം റിഡിൽസ് .... | മാസം തോറും | ക്ലാസ് അധ്യാപകർ | |
| | • ക്ലാസുകളിൽ ഇംഗ്ലീഷ് കഥ, കവിത അവതരണത്തിന് അവസരങ്ങൾ നൽകൽ | ആഴ്ചയിൽ | | |
| | • വായനാമൂലയിൽ ഇംഗ്ലീഷ് ബാല പ്രസിദ്ധീകരണ | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ങ്ങൾ<br>• ടീച്ചർ ഒരു ദിവസം ഒരു വാക്ക് അവതരണം, നോട്ടീസ് ബോർഡിൽ പ്രദർശനം കുട്ടികളുടെ എന്റെ ഇംഗ്ലീഷ് ലോകം നോട്ടുബുക്കിലേക്ക്<br>• പദ സമ്പത്ത് വർദ്ധിപ്പിക്കാനുള്ള ഗെയിസ് ഉൾപ്പെടുന്ന പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>• ആഴ്ച്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് വായനക്കായി സമയം ക്രമീകരിക്കൽ<br>• കയ്യെഴുത്ത് മാഗസീനുകളിൽ കുട്ടികളുടെ ഇംഗ്ലീഷ് സൃഷ്ടികൾ ഉൾപ്പെടുത്തൽ. | ഇംഗ്ലീഷ് ക്ലാസ് മുറിയിൽ<br>1 മാസം<br>ആഴ്ചയിൽ ഒന്ന്<br>വർഷത്തിൽ ഒന്ന് | ക്ലാസ് അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകർ | |
| കുട്ടികളുടെ ഇംഗ്ലീഷ് പദ സമ്പത്ത് വർദ്ധിപ്പിക്കൽ | • വായനക്കായി ഇംഗ്ലീഷ് വായന കാർഡുകൾ തയ്യാറാക്കൽ<br>• എല്ലാ കുട്ടികളിലും ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കുന്നു പഠ | ഇംഗ്ലീഷ് ക്ലാസുകളിൽ | | |

| | | | | | |
|---|---|---|---|---|---|
| | നത്തോടൊപ്പം വികസിപ്പിക്കുന്ന നിഘണ്ടു)<br>• ആഴ്ചയിൽ ഒരു ദിവസം 1 മണിമുതൽ 2 മണി വരെ ഫിലീം ഷോ (ഇംഗ്ലീഷ് ഈനിമേറ്റഡ് സ്റ്റോറിസ്, ഷോർട്ട് ഫിലീം, ഡോക്യുമെന്ററി പ്രദർശനം<br>• ഇംഗ്ലീഷ് ഡയറി ആഴ്ചയിൽ 1 ദിവസം<br>• പഠഭാഗവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാൻ കഴിയുന്ന പ്രത്യേക അധിക വർക്കുകൾ നൽകൽ (ആ പാഠഭാഗത്തുള്ള പുതിയ വാക്കുകൾ രക്ഷിതാക്കളെ പരിചയപ്പെടുത്തൽ)<br>• ഇംഗ്ലീഷ് ഫെസ്റ്റ് നടത്തൽ | ഒരു ടേമിൽ ഒന്ന്<br><br>ഒരു വർഷം | | | |
| എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയവിനിമയം ചെയ്യുന്നതിനുവേണ്ടി പ്രാപ്തമാക്കൽ | • കുട്ടികളുടെയും അധ്യാപകരുടെയും അനൗപചാരിക ഭാഷണങ്ങൾ ഇംഗ്ലീഷിൽ ആക്കൽ<br>• എല്ലാ അസംബ്ലി | ഒരു | | | |

| | | | | |
|---|---|---|---|---|
| | യിലും ഇംഗ്ലീഷ് പത്രം വായിക്കൽ | വർഷം മുഴുവൻ | | |
| | • വിദ്യാലയത്തിനകത്തുള്ള എല്ലാ സാധന സാമഗ്രികളിലും ഇംഗ്ലീഷ് ലേബൽ പതിക്കൽ | ജൂൺ | | |
| | • നിർദേശങ്ങൾ എഴുതി ഒട്ടിക്കുന്നത് ഇംഗ്ലീഷിൽ (ഉദാ Toilet, Dining Hall, etc) | ജൂൺ | | |
| | • കുട്ടികളുടെ പേര് എഴുതിയ സ്റ്റിക്കർ അവരുടെ ഡസ്കിൽ പതിക്കൽ | ജൂൺ | | |
| | • എല്ലാ ദിവസവും ഉച്ചക്ക് 2 മണിക്ക് ആകാശവാണി ഇംഗ്ലീഷ് ഭാഷ ഉച്ചഭാഷിണിയിലൂടെ കേൾപ്പിക്കൽ | വർഷം മുഴുവൻ | | |
| | • ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ ഇംഗ്ലീഷ് പ്രതിജ്ഞ | വർഷത്തിൽ ഒന്ന് | | |

## പ്രശ്നങ്ങൾ

1. **ശാസ്ത്ര ലാബിന്റെ അപര്യാപ്തത**

ശാസ്ത്ര പഠനത്തിനാവശ്യമായ റിസോഴ്സുകൾ വിദ്യാലയങ്ങളിൽ കൂടുതലായും ലഭ്യമാക്കണം. ഇതിന്റെ അഭാവം പാഠവിനിമയത്തിന് തടസ്സം നിൽക്കുന്നു. ഇതിന്റെ പരിഹാരമെന്നോണം നിരന്തരം വികസിച്ച് കൊണ്ടിരിക്കുന്നതും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്നതുമായ ശാസ്ത്ര ലാബ് വികസിപ്പിച്ചെടുക്കുകായണ് ചെയ്യേണ്ടത്.

ജ്യോതിശാസ്ത്രി സംബന്ധിയായ പ്രവർത്തനങ്ങളിൽ കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള പ്രയാസം ലഘൂകരിക്കുക. എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് ശാസ്ത്ര ലാബിന്റെ നവീകരണം.

1. **പ്രവർത്തനത്തിന്റെ പേര്:** ശാസ്ത്ര ലാബ് നവീകരിക്കൽ

**മേഖല:** ശാസ്ത്രം / അക്കാദമികം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും, രാസവസ്തുക്കളും തരംതിരിച്ച് ക്രമീകരിക്കൽ, ജ്യോതിശാസ്ത്ര സംബന്ധിയായ പഠന പ്രവർത്തനങ്ങൾ വിനിമയം ചെയ്യാവാശ്യമായ റഫറൻസ് പുസ്തകങ്ങൾ പഠനോപകരണങ്ങൾ ഐ.സിടി സാമഗ്രികൾ എന്നിവ ശേഖരിച്ച് ലാബിൽ സജ്ജീകരിച്ചു. ഇരിപ്പിടങ്ങൾ സജ്ജമാക്കൽ. കാറ്റലോഗ് തയ്യാറാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര ക്ലബ്ബ് | |

നമ്മുടെ സാംസ്കാരിക വൈതൃകത്തോടും ചരിത്രത്തോടും ആദരപൂർവ മായ മനോഭാവം സൃഷ്ടിക്കുകയെന്നത് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലൊന്നാണ്. പഠനയാത്രകൾ പഠനം അനുഭവമാക്കാനുള്ളതാ ണെന്ന തിരിച്ചറിവാണ് ഞങ്ങളെ ഇത്തരം പ്രവർത്തന പദ്ധതിക്ക് രൂപം നൽകാൻ പ്രേരിപ്പിച്ചത്. കുട്ടികളിലെ കൗതുകം, വിജ്ഞാനം, നിരീക്ഷണം തുടങ്ങിയ നൈപുണികളെ വികസിപ്പിക്കുന്നതിനും ഈ പ്രവർത്തനം ഏറെ സഹായകമായി.

**2. പ്രവർത്തനത്തിന്റെ പേര്: പഠനയാത്രകൾ (ഫീൽഡ് ട്രിപ്പ്സ്)**

**മേഖല: സാമൂഹ്യശാസ്ത്രം**

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്<br>• പഠനം രസകരമാക്കുന്നതിന്<br>• സാംസ്കാരിക വൈതൃകം പരിപോഷിക്കാനുള്ള മനോഭാവം വളർത്തുക | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 2 മാസം കൂടുമ്പോൾ | എസ്. ആർ.ജി. | |

**പ്രവർത്തനത്തിന്റെ പേര്: ജൈവ വൈവിദ്ധ്യ പാർക്ക്**

കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് അനുഗുണമായ പഠന പരിസരവും ഭൗതിക പശ്ചാത്തലവും വികസിപ്പിക്കുക. പ്രകൃതിദത്തമായ മാർഗങ്ങൾ ആരാഞ്ഞുകൊണ്ട് ജീവിതത്ത വീണ്ടെടുക്കൽ, ഉതകുന്ന ചില ഔഷധങ്ങളും അവയുടെ ഉപയോഗങ്ങളും മനസ്സിലാക്കുക, വിസ്മൃതിയിലാണ്ടുപോകുന്ന ഔഷധസസ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ മറ്റുള്ളവരിലേക്ക് എത്തിക്കുക എന്നീ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പ്രവർത്തനത്തിന് തുടക്കമിട്ടത്.

മേഖല: അക്കാദമികം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ വൈവിധ്യപാർക്ക് നിർമ്മിക്കൽ. പാർക്കിലേക്ക് വേണ്ട ചെടികൾ ശേഖരിക്കുന്നു. | വർഷത്തിൽ ഒരുപ്രാവശ്യം | എസ്. ആർ.ജി. ശാസ്ത്ര ക്ലബ് | |